"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഏറനാട് നിയോജക മണ്ഡലം - അരീക്കോട് ബ്ലോക്ക് ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ മൂർക്കനാട് നടപ്പാലം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.69/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/01/2021

---

പരാമർശം:- 1 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം- II വാല്യം-II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 1549 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി

2 സ.ഉ.(സാധാ) നം. 344/2020/ധന തീയതി 14.01.2020

3 സർക്കുലർ നം.73/2020/ധന തീയതി 23.11.2020

4 സ.ഉ.(സാധാ)നം.4067/2020/ധന തീയതി 05.07.2020

5 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 30-11-2020-ലെ ഡി.ബി.4/13403/20/സി.ഇ./എൽ.ഐ.ഡി. & ഇ.ഡബ്ല്യു നമ്പർ കത്ത്

**ഉത്തരവ്**

2019-20 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം-II-ൽ ഉൾപ്പെട്ടിരുന്ന "ചാലിയാറിന് കുറുകെ ഊർങ്ങാട്ടിരി-അരീക്കോട് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് മൂർക്കനാട് നടപ്പാലം" എന്ന പ്രവൃത്തി ബഹു. ഏറനാട് എം.എൽ.എ-യുടെ അഭ്യർഥന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റി പരാമർ ശം (4) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ മൂന്ന് കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി പരാമർശം (5) പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (2) ഉത്തരവിന്റേയും പരാമർശം (3) സർക്കുലറിന്റേയും വെളിച്ചത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ സമർപ്പിച്ച ഡി.പി.ആർ അംഗീകരിച്ച് കൊണ്ട് 2019-20 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം- II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം-II-ൽ ഉൾ പ്പെട്ടിരുന്ന "ചാലിയാറിന് കുറുകെ ഊർങ്ങാട്ടിരി-അരീക്കോട് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് മൂർക്കനാട് നടപ്പാലം" നിർമ്മാണം എന്ന പ്രവൃത്തി മൂന്ന് കോടി രൂപ ചെലവിൽ നിർവ്വഹിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3 . പദ്ധതിയ്ക്കാവശ്യമായ ചെലവ് 4515-00-800-92 (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ് :ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് എൻജിനിയർ, മലപ്പുറം ജില്ലാ പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E.no.1653189/Dev-3/128/20-Fin dated 30-12-2020)

ഡയറക്ടർ(ട്രഷറി),തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.01.12 11:45:40 IST
Reason: Approved
സെക്ഷൻ ഓഫീസർ